# Weekend Bulletin
## Knanaya Catholic Mission, Chicago
March 5, 2006, Vol. 1, Issue 23
www.knanayamission.org/chicago/bulletin.htm




**പാപത്തിന്റെ ബന്ധനത്തിൽ നിന്ന് ക്രിസ്തു നമ്മെ മോചിപ്പിച്ചു. തിന്മയുടെ അടിമത്വത്തിന് നാമിനിയും വിധേയരാകരുത്.**



വിഭൂതി തിങ്കളാഴ്ച ഓ.എൽ.വി. പള്ളിയിൽ നടന്ന ശുശ്രൂഷയിൽ നെറ്റിയിൽ ചാരം പൂശുന്നു.



തോമസ് മാർ ദിയസ്ക്കോറോസ് തിരുമേനിയുടെ ഓർമ്മയ്ക്കായി ഓ.എൽ.വി. പള്ളിയിൽ ഫാ. സജി മുക്കൂട്ട് സീറോ മലങ്കര റീത്തിൽ ബലി അർപ്പിച്ചപ്പോൾ.



ചിക്കാഗോ ക്നാനായ കാത്തലിക് മിഷൻ വാങ്ങുവാനുദ്ദേശിക്കുന്ന ദൈവാലയത്തിന് ഫണ്ട് സമാഹരിക്കുന്നതിന് കുര്യൻ നെല്ലാമറ്റത്തിന്റെ വസതിയിൽ ചേർന്ന ആലോചനാ യോഗത്തിൽ പങ്കെടുത്തവർ.

## CONTACT INFORMATION

**Mission Director**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254
(773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**Bulletin Editor**
Mathachen Chemmachel
(708) 557-1907

**Trustees**
**Chicago**: Saji Poothrukayil
(847) 293-9409
Sunny Thekkeparambil
(847) 673-6586
**Addison**: James Manjankal
(630) 758-1716
Baby Karikkal, (630) 379-8622

**Secretary & PRO**
George Thottappuram
(847) 975-9239

**Finance**
**Chicago**: John Elakkatt
**Addison**: Kurian Nellamattam,

**Religious Education**
**Chicago**: Johny Thekkeparambil
(847) 533-8520
Secretary: Anna Kulangara
**Addison**: Tonny Pullappally
(630) 205-5078
Secretary: Veena Jose Kaniyaly

**Children Ministry**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**Teens Ministry**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**Youth Ministry**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**Adult Training**
Jose Thazhathuvettathu

**Lay Apostolate**
Joy Choottuvelil, Joy Nediyakalayil
Joy Chemmachel

**Legion of Mary**
Mercy Idiyalil

### SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

### SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

### NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

### NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

March 2006

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

## Schedule of Events

SATURDAY, MARCH 04, 2006
RELIGIOUS EDU. FESTIVAL AT THAFT HIGH SCHOOL from 5:30 P.M.
No Holy Mass and Novena at Addison today.

SUNDAY, MARCH 05, 2006
No Religious Education Class at OLV today.
Holy Mass in Malayalam at OLV Church Upper level at 5:30 P.M.

THURSDAY, MARCH 09, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

SATURDAY, MARCH 11, 2006
CONFESSION for Religious Education Students from 2:00 P.M. at Addison
Youth Seminar at Addison from 2:45 P.M. to 4:45 P.M.
Religious Education Class at Addison from 3:45 P.M. to 4:45 P.M.
Youth Mass and Novena in English at Addison at 5:00 P.M.

SUNDAY, MARCH 12, 2006
CONFESSION for Rel. Education Students from 2:00 P.M. at OLV Church.
Youth Seminar at OLV Chicago from 3:00 P.M. to 5:00 P.M.
Religious Education Class at OLV from 4:00 P.M. to 5:00 P.M.
Holy Mass in Malayalam at OLV Church Upper level at 5:30 P.M.

TUESDAY, MARCH 14, 2006
Pastoral Theology Class on the Traditions of the Syro-Malabar Church by HIS EXCELLENCY MAR JACOB ANGADIATH at OLV School at 6:30 P.M.


THURSDAY, MARCH 16, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

SATURDAY, MARCH 18, 2006
No Religious Education Class at Addison today
No Mass and Novena at Addison today.

SUNDAY, MARCH 19, 2006
CONFIRMATION with Holy Mass at Addison Church today at 4:30 P.M. (Msgr. George Madathilparambil, Fr. Abraham Mutholath, and Fr. Roy Kaduppil) followed by refreshments for all in the school hall.
No Religious Education Class and Mass at OLV today.

# MISSION DIRECTOR'S COLUMN

## നമ്മുടെ സ്വന്തം ദൈവാലയം



ഇസ്രായേൽ ജനത്തെ ഒന്നിപ്പിച്ചിരുന്നത് ജറുസലെം ദൈവാലയമായിരുന്നു. എത്ര വിദൂരത്തു വസിച്ചിരുന്ന യഹൂദനും ആണ്ടിൽ മൂന്നു പ്രാവശ്യം പെസഹാ തിരുന്നാൾ, പെന്തക്കുസ്താ തിരുന്നാൾ, കൂടാര തിരുന്നാൾ എന്നിവയ്ക്കു ജറുസലേം ദൈവാലയത്തിൽ വന്നു ബലിയർപ്പിച്ചിരുന്നു. അതിനു മുമ്പ് ഈജിപ്തിൽനിന്ന് കാനാൻ ദേശത്തേക്കുള്ള ദീർഘയാത്രയിലും ദൈവത്തിൻെറ സമാഗമ കൂടാരമായിരുന്നു അവരുടെ കേന്ദ്ര ബിന്ദു.

ക്നാനായ പ്രേഷിത കുടിയേറ്റവും മെത്രാനെയും വൈദികരെയും ദൈവാലയത്തെയും കേന്ദ്രീകരിച്ചായിരുന്നുവെന്നു നമുക്കറിയാം. ക്നാനായ മെത്രാന്മാരും വൈദികരും നമ്മുടെ ജനത്തിൻെറ അത്മീയ വളർച്ചയോടൊപ്പം അത്മായരുടെ സഹകരണത്തോടെ സമുദായാംഗങ്ങളുടെ സമഗ്രവളർച്ചയ്ക്കുതകുന്ന നിരവധി പ്രസ്ഥാനങ്ങൾക്കു നേതൃത്വം നല്കി. അതുകൊണ്ടാണ് ആത്മീയതയോടൊപ്പം ഇന്നത്തെ നിലയിൽ ഭൗതികമായി വളരുവാനും സമുദായ ഐക്യം നിലനിർത്തുവാനും കഴിഞ്ഞത്.

വടക്കേ അമേരിക്കയിൽ വന്ന നാം ഭൗതിക നേട്ടങ്ങൾ ഏറെ കൈവരിച്ചു. ഡോളറിൻെറ നാട്ടിൽ വെറും കൈയ്യോടെ വന്ന നാം ഡോളറുകൾ വാരിക്കൂട്ടി. നമുക്കുവേണ്ടി നാം കൊട്ടാര സദൃശ വസതികൾ നിർമ്മിച്ചു. ഈ വിധം നമ്മെ കൈപിടിച്ചുയർത്തുന്ന ദൈവത്തിനു ബലിയർപ്പിക്കുവാൻ സ്വന്തമായൊരു ആലയം നിർമ്മിക്കുന്നതിനു മാത്രം നാം വൈമനസ്യം കാണിച്ചു. നമുക്കു പണമില്ലാഞ്ഞിട്ടാണോ? നമ്മുടെ ഇടയിലെ ഭിന്നാഭിപ്രായങ്ങളും വാശിയേറിയ കിടമത്സരങ്ങളും സുരക്ഷിതത്വ ബോധമില്ലായ്മയുമല്ലേ കാരണം. ദൈവത്തെ അവഗണിച്ച് നമുക്കധികനാൾ പിടിച്ചു നിൽക്കുവാനാകുമോ? ഒരു കാര്യം ഓർക്കുക: നമ്മുടെ ജീവനും സമ്പത്തിനും സുരക്ഷിതത്വം നല്കുവാൻ ദൈവത്തിനേ കഴിയൂ. ഇസ്രായേൽക്കാർ ദൈവത്തെ മറന്നു ജീവിച്ചപ്പോൾ അവരുടെ മാനസാന്തരത്തിനായി കാത്ത ദൈവം പ്രവാചകരെ അയച്ചു. അവരെയും അവഗണിച്ചപ്പോൾ ദൈവം ഇസ്രായേലിനെ കൈവെടിഞ്ഞു. അവരുടെ ദുരിത കഥ ആവർത്തിക്കാതിരിക്കുവാൻ നമുക്ക് ദൈവത്തോടടുക്കാം അവിടുത്തെ പ്രവാചകരായ സഭാപിതാക്കന്മാരെ അനുസരിക്കാം.

നമ്മുടെ മാമ്മോദീസാ, മതപഠനം, അനുരജ്ഞനകൂദാശ, വിശുദ്ധ ബലിയർപ്പണം, ധ്യാനം, മരിച്ചടക്ക്, മരണ വാർഷികം എന്നിങ്ങനെ തിരുക്കർമ്മങ്ങൾക്കെല്ലാം ആവശ്യമായ ദൈവാലയം നമുക്കുവേണ്ടി മാത്രമല്ല, വരും തലമുറയ്ക്കുവേണ്ടിക്കൂടിയാണു വാങ്ങുന്നത്. നമ്മുടെ ജീവിതം സഭാ സംവിധാനത്തിൽ ദൈവാലയകേന്ദ്രികൃതമാകുമ്പോൾ നമ്മിൽ ഐക്യവും സ്നേഹവും ഉണ്ടാകും. നമ്മുടെ കുഞ്ഞുങ്ങൾ സഭാ പരിശീലനത്തിലും പാരമ്പര്യങ്ങളിലും വളരും.

നമ്മുടെ പ്രാർത്ഥന ശ്രവിക്കുന്ന ദൈവം സ്വന്തമായൊരു ദൈവാലയത്തിനു നമ്മെ കനിഞ്ഞനുഗ്രഹിക്കുന്നുണ്ട്. ഈ നോമ്പുകാലത്ത് 2500 ഡോളറിൽ കുറയാതെ ഓരോ കുടുംബത്തിൻെറയും കഴിവനുസരിച്ച തുക ഒന്നിച്ചോ ഗഡുക്കളായോ ബലിവേദിയിൽ സമർപ്പിക്കുക. ദൈവാലയം സ്ഥാപിതമായി പ്രവർത്തന നിരതമാകുന്നതോടെ നമ്മിൽ ഐക്യവും ഉയർച്ചയും കുട്ടികളിൽ നവ ചൈതന്യവും ഉണ്ടാകും, തീർച്ച.


ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്.

## നുറുങ്ങുവെട്ടം

**സമുദായ തനിമയും പാരമ്പര്യവും നിലനിർത്തുവാൻ ശ്രദ്ധിക്കേണ്ടത് നമ്മുടെ കുട്ടികളിലാണ്.**




## *കോട്ടയം അതിരൂപതയ്ക്കു വെളിയിൽ ക്നാനായക്കരുടെ ആദ്യ ദൈവാലയം ചിക്കാഗോയിൽ സ്ഥാപിക്കാൻ നമുക്കൊത്തു ചേരാം*



*ദൈവമനുവദിച്ചാൽ ഏതാനും മാസങ്ങൾക്കുള്ളിൽ നമുക്കു സ്വന്തമായൊരു ദൈവാലയമുണ്ടാകും. ഉടമ്പടി ഒപ്പു വച്ചുകഴിയുമ്പോൾ കൃത്യ വിവരങ്ങൾ പരസ്യപ്പെടുത്തുന്നതാണ്.*

*നാമിപ്പോൾ വാങ്ങുവാനുദ്ദേശിക്കുന്ന മൾട്ടിപർപ്പസ് ദൈവാലയത്തിനും അനുബന്ധ കെട്ടിടങ്ങൾക്കും കൂടി ഒന്നേകാൽ മില്യനോളം ചിലവു പ്രതീക്ഷിക്കുന്നു. അറ്റകുറ്റ പണികൾക്കും മറ്റു ചിലവുകൾക്കുമായി വേറെയും പണം ആവശ്യമാണ്.*

*അതിനാൽ ഓരോ കുടുംബവും 2,500 ഡോളറിൽ കുറയാത്ത തുക സംഭാവനയായി നൽകി സഹകരിക്കണം. സന്മനസ്സുള്ളവർ കൂടുതൽ തന്നു സഹായിക്കുക. തവണകളായി പണമടച്ചവർ തങ്ങൾ നൽകിയ സംഭാവനയുടെ ബാക്കി തുക നൽകിയാൽ മതി.*

*വീടു സന്ദർശിച്ചുള്ള പിരിവ് ഒഴിവാക്കി ഓരോരുത്തനും സംഭാവന ശനിയാഴ്ചകളിലും ഞയറാഴ്ചകളിലും ഒന്നിച്ചോ തവണകളായോ ദൈവസന്നിധിയിൽ സമർപ്പിക്കുക. ദൈവത്തിനും നമുക്കും വേണ്ടിയുള്ള ഈ ദൈവാലയത്തിനു വേണ്ട തുക ആരും നിർബന്ധിക്കാൻ നിൽക്കാതെ സ്വമനസ്സാലെ നൽകി ദൈവാനുഗ്രഹം പ്രാപിക്കുക.*

*ഈ നോമ്പുകാലത്ത് നിങ്ങളുടെ നിശ്ചിത സംഭാവന തന്നുതീർക്കുവാൻ ഉത്സാഹിക്കുമല്ലോ.*

*എന്ന് മിഷൻ ഡയറക്ടർ*

## Weekly Collections

| | |
|---|---|
| February 25 at Addison | 972.75 |
| February 26 at OLV Church | 1,694.37 |
| Church Building Fund | 1,063.50 |

*Thank you for your support.*

# ഷിക്കാഗോ – ഇവിടെ ജീവിക്കാനായത് ഭാഗ്യം തന്നെ!

## – ജോയി ചെമ്മാച്ചേൽ



ഷിക്കാഗോ – ക്നാനായ സമുദായത്തിൻെറ ശക്തിദുർഗ്ഗമാണിവിടം. ക്നാനായ മിഷൻ ഏറ്റവും ശക്തവും സമുജ്ജ്വലവുമായി പ്രവർത്തിച്ചു വരുന്നിടം. മിഷൻ പ്രവർത്തനങ്ങളുടെ ഏറ്റവും മികച്ച ഫലങ്ങൾ കാണുവാൻ ഇവിടം സന്ദർശിച്ചാൽ മതി. ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചിട്ടയായി നടത്തുന്നതിൽ സഭാ നേതൃത്വത്തിന് അങ്ങേയറ്റം അഭിമാനിക്കാം. പക്ഷേ ഇവയിൽ സഭയുടെ ശക്തിയും മനസ്സുമായ വിശ്വാസികൾ എത്രമാത്രം പങ്കെടുക്കുന്നുണ്ട്? നമ്മുടെ ചില മോശമായ പ്രവണതകളിലേക്ക് ശരിയായ പ്രതികരണം ക്ഷണിക്കുന്നത് നമ്മുടെ ഭാവി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

ഷിക്കാഗോയിലെ സഭാ നേതൃത്വം മത കാര്യങ്ങളിലും സദാചാരത്തിലും നന്നായി ശ്രദ്ധിക്കുന്നുണ്ട്. ഈശ്വര ധ്യാനത്തിലും വേദപഠനത്തിലും ചിട്ടയായി പ്രവർത്തിക്കുന്നു. സമൂഹത്തിനും രാഷ്ട്രത്തിനും സഭയ്ക്കും നല്ല നാളെകളെ സൃഷ്ടിക്കേണ്ടത് യുവാക്കളും കുട്ടികളുമാണ്. അവർ എവിടെയും നാളെയുടെ വാഗ്ദാനങ്ങളാണ്. ഈ തിരിച്ചറിവ് സഭാ നേതൃത്വത്തിനുണ്ട്. അത് സഭയുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നുമുണ്ട്. മികച്ച വേദപഠന ക്ലാസ്സുകളും നേതൃത്വ പരിശീലന – സദാചാര – മൂല്യബോധന ക്ലാസ്സുകളും ഭക്ത സംഘടനകളും ഇവിടെ ഭംഗിയായി നടക്കുന്നു. അവയിലാകട്ടെ കുട്ടികളുടെയും യുവാക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. 350 കുട്ടികളെയും 80 യുവ അദ്ധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് നടക്കുന്ന വേദപാഠ ക്ലാസ്സ് അതിന് ഉത്തമ ഉദാഹരണമാണല്ലോ. ശക്തമായ യുവജന നേതൃത്വം സഭാ പ്രവർത്തനങ്ങളിൽ ജാഗരൂകരായി രംഗത്തുണ്ട്. നല്ല വിശ്വാസികൾ ചിട്ടയായ ഈ പ്രവർത്തനങ്ങളിൽ സഹകരിച്ചും അനുസരിച്ചും പങ്കാളികളാകുന്നു – ഈശ്വരാനുഗ്രഹം.

***വടക്കെ അമേരിക്കയിൽ ക്നാനായക്കാരുള്ള സ്ഥലങ്ങളിലെല്ലാം ക്നാനായ മിഷനുകൾ സ്ഥാപിക്കണം. എല്ലാ ഞയറാഴ്ചയും നമ്മുടെ എല്ലാ മിഷനുകളിലും വേദപാഠവും കുർബാനയും നടത്തണം. കൂടാതെ ഭക്തസംഘടനകൾ ഉണ്ടാക്കി ആത്മീയമായി വളരണം. ഇന്നത്തെ നിസ്സഹകരണവും നിസ്സംഗതയും ഇനിയും തുടർന്നാൽ നഷ്ടമാകുന്നത് നമുക്കു നമ്മുടെ കുഞ്ഞുങ്ങളെയാണ്.***

വേദപാഠ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികളിലുണ്ടായിട്ടുള്ള ഈശ്വര ചൈതന്യവും പെരുമാറ്റ ഗുണവും സന്തോഷവും ആർക്കു കണ്ടില്ലെന്നു നടിക്കാനാവും. പിടിവാശിയുടെ പേരിൽ കുട്ടികളെ വേദപാഠക്ലാസ്സിൽ അയക്കാത്ത മാതാപിതാക്കളേ നിങ്ങൾ നഷ്ടപ്പെടുത്തുന്ന ഈ അവസരത്തെ ഓർത്ത് പശ്ചാത്തപിക്കേണ്ടിവരും.

നിർഭാഗ്യവശാൽ ചില കോണുകളിൽ നിന്നുണ്ടാകുന്ന സമീപനം വിശ്വാസത്തെയും സഭയുടെ അന്തസിനെയും ഇടിച്ചുതാഴ്ത്തുന്ന തരത്തിലാണ്. അതാകട്ടെ സഭാ പുരോഹിതന്മാരെ അവഹേളിക്കുന്ന തരത്തിൽ. പരിഹാസ കഥാപാത്രമായി അവരെ ചിത്രീകരിക്കുന്നത് ഒരു ശൈലിയായി മാറി. ഇത് പണത്തിൻെറ മുഷ്ക്കാണ്. പണം നേടുന്ന അന്തസ്സിനും പ്രൗഢിക്കും താഴെയാണ് സഭയും സദാചാരവും പുരോഹിതരും എന്ന് ചില അഭിനവ ശീമോന്മാർ വിശ്വസിക്കുന്നു. ഇതൊരു വഴിപിഴച്ച പോക്കാണ്. ഈ പോക്ക് നമ്മുടെ അന്തസ്സിനെ മറ്റുള്ളവരുടെ മുമ്പിൽ ഇടിച്ചുകാണിക്കാനേ ഉതകൂ.

മുതിർന്നവരുടെ ഈ സമീപനം ദൂരവ്യാപകമായ ദൂഷ്യഫലങ്ങൾ ഉളവാക്കുന്നതാണ്. കാരണം ഈ പ്രവണതകളെ അനുകരിക്കുന്നവർ ധാരാളമുണ്ടാകുന്നു. അവരാകട്ടെ കുട്ടികളും യുവാക്കളുമാണ്. മുതിർന്നവരെ അനുകരിക്കുന്ന കാര്യത്തിൽ കുട്ടികളാണ് മുന്നിൽ. മാതാപിതാക്കളുടെ ഈ മോശമായ സമീപനം കുട്ടികളെ വഴിതെറ്റിക്കുന്നു. അച്ഛനമ്മമാർ ചെയ്യുന്ന പ്രവൃത്തികളും രീതികളും കുട്ടികൾ അനുകരിക്കുന്നു എന്നതിനു തെളിവായി ചൈനയിലെ ഒരു നാടോടിക്കഥ ഓർത്തുപോകുന്നു.

വൃദ്ധനായ മുത്തച്ഛനോട് അമ്മയ്ക്കും അച്ഛനും പുശ്ചമാണ്. വാർദ്ധക്യത്തിൻെറ അരിഷ്ടതകൾ പേറുന്ന ആ മനുഷ്യനെ കണ്ടാൽ കുളിക്കണമെന്ന് യുവതിയായ അമ്മയുടെ കണ്ടെത്തൽ. അച്ഛനോ, യുവതിയും സുന്ദരിയുമായ ഭാര്യയുടെ വേദാന്തം “ക്ഷ” പിടിച്ചു. കിളവൻ ചത്തൊടുങ്ങാൻ പ്രാർത്ഥിക്കുകയാണ് ദമ്പതികൾ. അയാൾക്ക് ചോറു കൊടുക്കുവാൻ പ്രത്യേക പാത്രമുണ്ട്. അതു കഴുകാറില്ല; അറപ്പാണ്. അങ്ങനെയിരിക്കെ വൃദ്ധൻ മരിച്ചു. ഉള്ളിൽ ചിരിച്ചുകൊണ്ട് അച്ഛനമ്മമാർ രംഗം കൊഴുപ്പിച്ച് കരഞ്ഞു. എല്ലാം കഴിഞ്ഞപ്പോൾ അവർ സന്തോഷത്തിൻെറ വക്കിലായി. പക്ഷേ അവർ അപ്രതീക്ഷിതമായി ഒരു കാഴ്ച കണ്ടു ഞെട്ടി. വലിച്ചെറിഞ്ഞ പാത്രം മകൻെറ പെട്ടിയിൽ. അച്ഛനുമമ്മയും മകനെ ശാസിച്ചു. “വൃത്തികേട് ... കള.“ മകൻ കരഞ്ഞു, വാശിപിടിച്ചു. അവനത് സൂക്ഷിക്കുകയാണ്. “എന്തിനാ മോനേ നല്ല പാത്രം അച്ഛൻ വാങ്ങിതരാമല്ലോ.“ മകൻ കിണുങ്ങി: ”ഇല്ല ഇതു മോനു സൂക്ഷിക്കണം; അച്ഛനും അമ്മയും വലുതാകുമ്പോൾ ചോറുതരാനാ.“ നാളെയെ ഓർത്ത് അമ്മ തലയ്ക്ക് കൈകൊടുത്ത് ഇരുന്നുപോയി. ഭർത്താവ് ‘രസാ’വസ്ഥയിലായി.

ഈ കഥ ഒരു ചൂണ്ടുവിരലാണ്. കുട്ടികൾ മുതിർന്നവരെ അനുകരിക്കും. ഒരു സംഭവം ഓർമ്മവരുന്നു: നല്ല വരുമാനമുള്ള ഒരു ബിസിനസ്സുകാരൻ. ധാരാളം മലയാളി സുഹൃത്തുക്കൾ ഒപ്പം കൂടിയിരിക്കുന്ന സമയം. വിവിധ മതക്കാരും സഭാവിശ്വാസികളുമുണ്ട് ആ കൂട്ടത്തിൽ. അപ്പോഴാണ് ഫോൺ ബെല്ലടിച്ചത്. അയാൾ ഫോണെടുത്തു. “അതെ ഞാൻ വരില്ല. ആ അച്ചനാണോ? കൊള്ളാം. അയാളൊരു ഗുഡ് ഫോർ നത്തിങ്ങാണ്. സഭയെ നയിക്കാൻ നടക്കുന്ന ഒരു പരാക്രമി.

എനിക്കയാളെ ഇഷ്ടമല്ല. ... ശരി." ഗമയിൽ സംസാരം തീർന്നു. മറ്റുള്ളവർ കേട്ടു; അയാൾക്കു കുറേക്കൂടി ഗമ വച്ചിരിക്കുന്നു. അച്ചനെക്കുറിച്ചുള്ള കമൻറല്ലേ; സ്വന്തം സഭാ പുരോഹിതനെക്കുറിച്ചുള്ള കമൻറ്!

മറ്റുള്ളവർക്കു രസിച്ചുകാണും ഈ ഫോൺ വർത്തമാനം. ഇവിടെ ആരുടെ അന്തസ്സിനാണു കുറവുവന്നത്? ആരുടെ സഭയും പുരോഹിതനുമാണു മോശമായത്? ഇവരെക്കുറിച്ചു മറ്റുള്ളവർക്കു പറയുവാൻ ഒരായുധമല്ലേ ഈ സംസാരം? ഈ ചിന്താഗതി മോശമാണ്; ഇതു പാടില്ല. പക്ഷേ, നമ്മുടെ കഥാനായകന് അന്നുതന്നെ അടികിട്ടി. വൈകിട്ട് അയാൾ കുടുംബ സമേതം കുർബ്ബനയ്ക്കു പോകാൻ തയ്യാറായി. മകനോട് ഒരുങ്ങാൻ പറഞ്ഞു. അപ്പോൾ അവൻ ചോദിച്ചു: "ഡാഡി മുമ്പു പറഞ്ഞ ഫ്രോഡ് അച്ചൻെറ കുർബ്ബാനയ്ക്കാണോ പോകുന്നത്? ഷെയിം!"

കുട്ടികളെ നാം രൂപപ്പെടുത്തുമ്പോൾ അതു ശരി ദിശയിലാകണം. അല്ലെങ്കിൽ "നടന്നു മുള്ളുന്നവൻെറ മകൻ നെടുകെ നടന്നു മുള്ളും." ഈ അനുഭവം നമുക്കുണ്ടാകാതിരിക്കട്ടെ. നാം വിശ്വസിക്കുന്നതിനെ തള്ളിപ്പറയുക ആത്മഹത്യാപരമാണ്. നമ്മിലൂടെ വളരുന്ന നമ്മുടെ പിൻ തലമുറയ്ക്ക് നാം മാതൃകയാകണം. അവരെ നാം സഭയ്ക്കനുസരിച്ചു വളർത്തണം. സഭയാണ് ദൈവത്തിലേക്കുള്ള വഴി. ആ വഴിയെ വേണം നാമും നമ്മുടെ കുഞ്ഞുങ്ങളും ചരിക്കാൻ.

നമ്മുടെ കുട്ടികളെ സഭാ ചരിത്രവും സാംസ്കാരിക പാരമ്പര്യവും പഠിപ്പിക്കണം. സഭയുടെ കലകൾ അഭ്യസിപ്പിക്കണം. മൺമറഞ്ഞ കലാരൂപങ്ങൾ തിരികെ കൊണ്ടുവരണം. സാധാരണയായി നാം സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ അവതരിപ്പിക്കുന്ന പരിപാടികൾക്ക് നമ്മുടെ സഭയുമായി ബന്ധമുണ്ടാകുന്നില്ല. എന്തുകൊണ്ടോ നമ്മുടെ സഭാംഗങ്ങളിൽ പലരും ഇതിൽ വിമുഖത കാട്ടുന്നു. തന്മൂലം "മുമ്പേ ഗമിക്കുന്ന ഗോവു തൻെറ പിമ്പേ ഗമിക്കുന്നു ബഹു ഗോക്കളെല്ലാം." നമ്മുടെ അശ്രദ്ധയും അഹന്തയും കൊണ്ട് നഷ്ടമാവുന്നത് നമ്മുടെ പിന്തലമുറയെയാണ്. അവർ അഭിമാനകരമായ സഭാന്തരീക്ഷത്തിൽ വളരണം. പക്ഷേ ഇന്നു നാം ഇരിക്കുന്ന കൊമ്പു നാം തന്നെ മുറിക്കുന്നു.

ഷിക്കാഗോയിലെ സഭാ പ്രവർത്തനം പരിശോധിക്കുമ്പോൾ ഒരിക്കലും മറക്കനാവാത്ത ഒരു നാമമാണ് റവ. ഫാ. ഏബ്രഹാം മുത്തോലത്ത്. അച്ചൻെറ ജീവകാരുണ്യ പ്രവർത്തനം ക്നാനായ സഭയുടെ ദിവ്യമുഖമായി മാറിയിരിക്കുന്നു. എൻെറ പരിചയവും അനുഭവവും കൊണ്ട് ഇത്രയേറെ ഈശ്വര സാന്നിദ്ധ്യമുള്ള വൈദികനെ നമുക്കു കിട്ടിയത് ഭാഗ്യം തന്നെയാണ്. കുട്ടികളെയും ചെറുപ്പക്കാരെയും അമ്മമാരെയും ഒക്കെ സഭയുടെ ഭാഗമാക്കുവാൻ അദ്ദേഹത്തിൻെറ നിസ്സീമമായ പ്രവർത്തനങ്ങൾകൊണ്ടു സാധിച്ചു. ഇതിനു കാരണം ഈശ്വരൻ അദ്ദേഹത്തിനു നല്കിയ അനുഗ്രഹവും വശ്യതയുമാണ്. യുവജനങ്ങൾക്ക് അച്ചൻ പ്രേരണയും സ്വാധീനവും മാർഗരേഖയുമാണ്. ജന്മ നാടിനോടും മാതൃഭാഷയോടുമുള്ള സ്നേഹവും സഭയോടുള്ള മമതയും ആത്മാർത്ഥതയും ഊട്ടിവളർത്തുന്നതിന് അച്ചൻ നല്കിയ സംഭാവനകൾ അദ്ദേഹത്തിൻെറ ദീർഘവീക്ഷണത്തിൻെറ ഫലമാണ്.

ക്നാനായ സഭയുടെ പ്രവർത്തനവും അനുഗ്രഹവുമാണ് എൻെറ വളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും പ്രേരകമായ പ്രധാന ഘടകം. എൻെറ വളർച്ചയിൽ സഭയുടെയും പുരോഹിതന്മാരുടെയും സഹായം ഏറ്റവും കൂടുതൽ ലഭിച്ചിരുന്നു. വിവിധ സംഘടനകളുടെ തലപ്പത്തു പ്രവർത്തിക്കുവാൻ പ്രചോദനം നൽകിയത് സഭാ പിതാക്കന്മാരും വൈദികരും സുഹൃത്തുക്കളും ബന്ധുക്കളുമാണ്. നമ്മുടെ സഭ വളരുന്നതു വഴി നാം വളരുന്നു; നമ്മുടെ തലമുറ വളരുന്നു. ഇതു നാം മനസ്സിലാക്കണം.

ക്നാനായ സഭ ഷിക്കാഗോയിൽ നക്ഷത്രമാണ്. അതിൻെറ പ്രകാശം നമ്മുടെ വെളിച്ചവും ഊർജ്ജവുമാണ്. തികച്ചും ശ്ലാഘനീയവും അന്തസ്സുമുള്ള വിജയപ്രദമായ പ്രവർത്തനമാണ് ക്നാനായ സഭ ഷിക്കാഗോയിൽ കൈവരിച്ചിരിക്കുന്നത്.

വടക്കെ അമേരിക്കയിൽ ക്നാനായക്കാരുള്ള സ്ഥലങ്ങളിലെല്ലാം ക്നാനായ മിഷനുകൾ സ്ഥാപിക്കണം. എല്ലാ ഞയറാഴ്ചയും നമ്മുടെ എല്ലാ മിഷനുകളിലും വേദപാഠവും കുർബാനയും നടത്തണം. കൂടാതെ ഭക്ത സംഘടനകൾ ഉണ്ടാക്കി ആത്മീയമായി വളരണം. ഇന്നത്തെ നിസ്സഹകരണവും നിസ്സംഗതയും ഇനിയും തുടർന്നാൽ നഷ്ടമാകുന്നത് നമുക്കു നമ്മുടെ കുഞ്ഞുങ്ങളെയാണ്.

ഇന്നു നമ്മൾ സഭയോടു ചേർന്ന് നമ്മുടെ കുഞ്ഞുങ്ങളിൽ ആവശ്യമായ ദൈവിക അനുഭവം വളർത്തുന്നില്ലെങ്കിൽ തെറ്റായ മാർഗത്തിൽ കുട്ടികൾ "നന്മ" കണ്ടെത്തിയാൽ അതിൻെറ ഉത്തരവാദികൾ നമ്മൾ മാത്രമായിരിക്കും. അതോർത്തു പിന്നീടു നാം ദുഃഖിക്കേണ്ടിവരും.

ചിക്കാഗോ ക്നാനായ മിഷൻെറ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ കഴിഞ്ഞതിലും ഫാ. ഏബ്രഹാം മുത്തോലത്തിൻെറ പ്രവർത്തങ്ങളിൽ സഹകരിക്കാൻ സാധിച്ചതിലും ഏറെ സന്തോഷമുണ്ട്.

***സജീവമായൊരു മിഷൻ നമ്മുടെ കുഞ്ഞുങ്ങളിൽ ഉണർത്തുന്ന ഈശ്വര ചൈതന്യവും ക്നാനായ വിജ്ഞാനവും അറിയണമെങ്കിൽ ഷിക്കാഗോ മിഷനെ നിരീക്ഷിക്കുക. ഇവിടെ ഷിക്കാഗോയിൽ ക്നാനായ സഭയുടെ തണലിൽ ജീവിക്കാനായത് എൻെറ പുണ്യം; എൻെറ കുഞ്ഞുങ്ങളുടെ ഭാഗ്യം. ഈ പുണ്യം എനിക്കു തന്നത് എൻെറ സഭയുടെ നേട്ടം. അതൊരിക്കലും മറക്കാനാവില്ല.***

ഷിക്കാഗോ – ഇവിടെ ജീവിക്കാനായത് ഭാഗ്യം തന്നെ!

### DRESS CODE FOR CHRISMATION (CONFIRMATION)

BOYS: Black Pants, Full sleeve white shirt with red tie.
GRILS: Any light colored Indian dress; preferably churidar.

# ദൈവാലയങ്ങZ സ്ഥാപിക്കുവാൻ ഇനിയും വൈകിക്കൂടാ



**ഫാ. തോമസ് മുളവനാൽ ലോസ് ആഞ്ചലസ്**

ക്നാനായ പാരമ്പര്യങ്ങളിൽ അഭിമാനം കൊള്ളുന്നവരും അവ നിലനിർത്തുവാൻ ഏറെ ശ്രമിക്കുന്നവരുമാണു നമ്മൾ. എന്നാൽ അവയിൽ സുപ്രധാനമായ പാരമ്പര്യമാണ് ദൈവാലയ കേന്ദ്രീകൃത ജീവിതം. ഇസ്രായേൽ ജനമായ നമ്മുടെ ഈ പാരമ്പര്യം ആരംഭിക്കുന്നതുതന്നെ പഴയ നിയമ കാലഘട്ടത്തിൽനിന്നാണ്. “ദൈവസാന്നിദ്ധ്യത്തിൻെറ വിശുദ്ധ കൂടാരം” വഹിച്ചുകൊണ്ടാണ് ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയിലേക്കുപോയത്. “ഞാൻ നിങ്ങളുടെയിടയിൽ വസിക്കുവാൻ എനിക്കൊരു വിശുദ്ധ കൂടരം സജ്ജമാക്കണം” (പുറപ്പട് 25:8) എന്ന കർത്താവിൻെറ നിർദ്ദേശപ്രകാരമാണ് അവരതു ചെയ്തത്.

ഇസ്രായേൽ ജനത്തിൻെറ പാരമ്പര്യം പേറുന്ന ക്നാനായ ജനത കൊടുങ്ങല്ലൂരിൽ വന്നപ്പോൾ ആദ്യം ചെയ്തത് തങ്ങൾക്കു ദൈവാരാധനയ്ക്കായി വുശുദ്ധ കൂടാരം (പള്ളി) നിർമ്മിക്കുകയായിരുന്നു. ചെറിയ പട്ടണമായിരുന്നു കൊടുങ്ങല്ലൂരെങ്കിലും അവിടെത്തന്നെ അവർ മൂന്നു ദൈവലയങ്ങൾ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധ കന്യകാമറിയത്തിൻെറയും വിശുദ്ധ കുര്യാക്കോസിൻെറയും നാമത്തിൽ നിർമ്മിച്ചു. അവിടെനിന്നും ഉദയംപേരൂർ, കടുത്തുരുത്തി, കല്ലിശ്ശേരി തുടങ്ങി മദ്ധ്യ തിരുവതാംകൂറിൻെറ വിവിധ ഭാഗങ്ങളിലേക്കു കുടിയേറിയപ്പോഴും അവർ ദൈവാലയങ്ങൾ നിർമ്മിച്ചു.

സമുദായം വളർന്നു മലബാർ, ഹൈറേഞ്ച്, വയനാട് എന്നിവിടങ്ങളിലേക്കു കുടിയേറിയപ്പൊഴും ആദ്യം ചെയ്തതു ദൈവാലയ സ്ഥാപനമായിരുന്നു. സ്വന്തമായി നല്ല പാർപ്പിടമില്ലാതിരുന്നപ്പോഴും ആരാധനാലയം മനോഹരമായി നിർമ്മിക്കുവാൻ അവർ ശ്രദ്ധിച്ചിരുന്നു. കാരണം ദൈവാലയങ്ങളുടെ പേരിലാണ് ഈ സമുദായം കൂട്ടായ്മകൾ വളർത്തിയിരുന്നത്. അങ്ങനെ ദൈവാലയ കേന്ദ്രീകൃത ആദ്ധ്യാത്മികത സ്വന്തമായുള്ള ജനതയാണു നാം.

***അമേരിക്കൻ ഐക്യനാടുകളിലേക്കു കുടിയേറിയ നാം ഭൗതികമായി ഏറെ വളർന്നു. പക്ഷേ, ദൈവ സാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്ന ആത്മീയകൂടാരവും സക്രാരിയും സ്വന്തമായി സ്ഥാപിക്കുവാൻ നമുക്കു ഒരിടത്തും കഴിഞ്ഞില്ല എന്നത് ദുഃഖ സത്യമാണ്. തലമുറകളായി നമ്മെ ഒന്നിച്ചു നിർത്തിയ ആത്മീയ കൂട്ടായ്മയും സഭാത്മക ചിന്തകളും മന്ദീഭവിച്ചത് നമ്മുടെ വളരുന്ന തലമുറയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതു തുടർന്നാൽ നമ്മുടെ സമുദായത്തിനു തലമുറകളെ നഷ്ടപ്പെടുവാൻ സാദ്ധ്യതയുണ്ട്.***

നമ്മുടെ സമുദായ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിലെല്ലാം സ്വന്തമായ ദൈവാലയം സ്ഥാപിക്കുവാൻ ഇനിയും നാം വൈകിക്കൂടാ. മുടന്തൻ ന്യായങ്ങൾ ഉയർത്തിപ്പിടിച്ചു നമ്മുടെ വികസനം നാം തടയരുത്. സഭാ നിയമങ്ങൾക്കും മിശിഹായുടെ പ്രതിനിധികളായ പിതാക്കന്മാർക്കും വൈദികർക്കും വിധേയരായി സ്വന്തം ദൈവാലയത്തോടുകൂടിയ ഇടവകകൾ നാം എത്രയും വേഗം സ്ഥാപിക്കണം. അവിടെ എല്ലാ ആഴ്ചയിലും വിശുദ്ധ കുർബാനയും മതപഠനക്ലാസ്സുകളും ഭക്തസംഘടനകളും മറ്റ് ആദ്ധ്യാത്മിക ശുശ്രൂഷകളും ഉണ്ടാകണം. നമ്മുടെ ഐക്യവും സ്നേഹവും മെച്ചപ്പെടുത്തുവാനും വരും തലമുറയെ വിശ്വാസത്തിലും സമുദായത്തിലും നിലനിർത്തുവാനും സജീവമായ ദൈവാലയ കേന്ദ്രീകൃത ജീവിതം കൂടിയേ തീരൂ.


ഇക്കാര്യത്തിൽ മാതൃകയായി ചിക്കാഗോ ക്നാനായ മിഷൻ മുന്നോട്ടുവരുന്നുവെന്നറിയുന്നതിൽ സന്തോഷമുണ്ട്. നിങ്ങൾ വാങ്ങുവാനുദ്ദേശിക്കുന്ന ദൈവാലയം എത്രയും വേഗം സ്വന്തമാകട്ടെ എന്നാശംസിക്കുന്നു; അതിനു മുന്നോട്ടുവരുന്നവരെ അനുമോദിക്കുന്നു.

**RESERVE DVD OF RELIGIOUS EDUCATION FESTIVAL**

DVDs of our Religious Education Festival on March 4th at Thaft High School will be available on March 11th and 12th. Please reserve your copies by submitting $10 towards the production cost.

**READERS / LECTORS** നോമ്പു കാലം

| MAR. 4 & 5 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Genesis 9:8-15 | (Festival at Thaft H.S.) | Sijo Valacheril |
| 2nd Reading | 1 Peter 3:18-22 | (Festival at Thaft H.S.) | Meril Thekkeparambil |
| MAR. 11 & 12 | | | |
| 1st Reading | Gen.22:1-2,10-13,15-18 | Aleeta Varakalayl | Tima Kandarappally |
| 2nd Reading | Romans 8:31b-34 | Steffy Idiyalil | Jyothy Puthenpurayil |





Students and teachers of Eighth Grade in the Religious Education School at Addison

Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.

NCLEX-RN®
(Review Class)
Comprehensive Review
Free make-up classes
Individualized Coaching
Full Length Tests
New convenient location

ExcelRn
1640 Renaissance Dr.
Ste # 208
Park Ridge IL 60068
Call : (630) 885 1101

Next Class - 4th March '06
www.excelrn.com

## പരസ്യങ്ങൾ സ്വാഗതം ചെയ്യുന്നു

മരണ വാർഷികം, വിവാഹ വാർഷികം, ജൂബിലി, ജന്മദിനം തുടങ്ങിയ അവസരങ്ങളിൽ ആശംസ നേർന്നുകൊണ്ടോ ഉപകാരസ്മരണയായോ ബിസിനസ് സംബന്ധമായോ പരസ്യങ്ങൾ നല്കാം.


Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS
JAIBU MATHEW KULANGARA
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.
YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.

4313 W. Irving Park, Chicago, IL 60641
ALEX MULLAPPALLIL
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee
EQUAL HOUSING LENDER

COLDWELL BANKER

MARTIN & MARBRY
REALTOR
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)
Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)
EQUAL HOUSING LENDER

LINCOLNWOOD
MORTGAGE SERVICES, INC.

4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
For all your Mortgage Services
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals
EQUAL OPPORTUNITY LENDER

